# ജീവിതയാത്ര

# Jeevitha Yatra

KRISHNAMURTI FOUNDATION INDIA SEPTEMBER - DECEMBER 2019 RS.2/- VOL. 15 ISSUE 1

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**

## ജെ. കൃഷ്ണമൂർത്തിയുടെ 125-ാം ജന്മവാർഷികം

ജെ. കൃഷ്ണമൂർത്തി (1895 – 1986) യുടെ 125-ാം ജന്മവാർഷികം, 2019 മെയ് 11 മുതൽ 2020 മെയ് 11 വരെ ഒരു വർഷം മുഴുവൻ സ്മരണോത്സവമായി ആചരിക്കപ്പെടുകയാണ്. 1995, ജെ. കൃഷ്ണമൂർത്തിയുടെ നൂറാം ജന്മവാർഷികമായി ആചരിച്ചത് നിങ്ങളിൽ ചിലർ ഓർക്കുന്നുണ്ടാകും.

അതിനുശേഷം ജനങ്ങളുടെ ഒരു പുതിയ തലമുറ നിലവിൽ വന്നരിക്കുന്നു. അവർ ആ ആചാര്യനുമായോ, അദ്ദേഹത്തിന്റെ പ്രബോധനങ്ങളുമായോ ഒരുപക്ഷേ പരിചിതരല്ലായിരിക്കാം. അതിനാൽ കൃഷ്ണമൂർത്തിയുടെ ജീവിതവീക്ഷണം പുതിയതും വിശാലവുമായ ഒരു സദസ്സിന് പരിചയപ്പെടുത്തുന്നതിനും ലഭ്യമാക്കുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്തണം എന്ന് കരുതുന്നു. കാലാതീതമായ ഈ ദർശനത്തെ വളരെ സമകാലികവും തങ്ങളുടെ വ്യക്തിജീവിതങ്ങൾക്ക് പ്രസക്തവുമാണെന്ന് അവർ കണ്ടെത്തിയേക്കാം.

ഈ ഉദ്ദേശത്തോടെ, കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ, അത് നടത്തുന്ന

J. Krishnamurti 125th BIRTH ANNIVERSARY 2019 - 20

വിദ്യാലയങ്ങളുടെയും വിദ്യാലയങ്ങളുടെ വളപ്പുകളിലും മററിടങ്ങളിലും സ്ഥിതിചെയ്യുന്ന പഠനകേന്ദ്രങ്ങളുടെയും സഹപ്രവർത്തനത്തിലൂടെ, കൃഷ്ണമൂർത്തിയുടെ ജന്മനാട്ടിൽ ആ പ്രബോധനങ്ങളെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കുന്നതിന് കുറേ പദ്ധതികൾ തയ്യാറാക്കുകയാണ്. ഇന്ത്യയിൽ പല ഭാഗങ്ങളിലുള്ള പരിപാടികൾ, പൊതു പ്രഭാഷണങ്ങൾ, ചർച്ചായോഗങ്ങൾ, കൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങളുടെയും സംഭാഷണങ്ങളുടെയും വീഡിയോപ്രദർശനങ്ങൾ, ഫോട്ടോപ്രദർശനങ്ങൾ, സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കൃഷ്ണമൂർത്തിയുടെ വീക്ഷണം പങ്കുവെയ്ക്കുന്നതിനുള്ള പരിപാടികൾ, കൂടാതെ ഇംഗ്ലീഷിലുള്ള പുതിയ പുസ്തകങ്ങളുടെയും ഇന്ത്യൻ ഭാഷകളിലേക്കുള്ള തർജ്ജമകളുടെയും പ്രകാശനം എന്നിവ ഇതിൽ ഉൾപ്പെടും.

വിശദാംശങ്ങൾ ഇടയ്ക്കിടെ ഞങ്ങളുടെ വെബ്സൈററുകളിലും, വാർത്താകത്തുകളിലും മററും അറിയിക്കുന്നതാണ്.

6-ാം പേജ് ☞

## ആധുനിക വിദ്യാഭ്യാസം നമ്മെ വിചാരശൂന്യരാക്കിത്തീർക്കുന്നു

എല്ലാ മനുഷ്യരെയും എഴുതാനും വായിക്കാനും പഠിപ്പിക്കുന്നതോടെ മാനവപ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമെന്നു നമ്മിൽ പലരും വിചാരിക്കുന്നതായി തോന്നുന്നു; പക്ഷേ, ആ വിചാരം തെറ്റാണെന്നു തെളിഞ്ഞു കഴിഞ്ഞു. അഭ്യസ്തവിദ്യരെന്നു പറയപ്പെടുന്നവർ സമാധാനപ്രിയരോ പൂർണ്ണരോ ആകുന്നില്ല. ലോകത്തിലെ ദുരിതങ്ങൾക്കും കുഴപ്പങ്ങൾക്കും അവരും കാരണക്കാരാണ്.

ധിഷണാശക്തിയുടെ ഉത്തേജനം, ഒരു ഉദ്ഗ്രഥിത ജീവിതത്തിന്റെ പരിപോഷണം എന്നിവയാണ് ശരിയായ വിദ്യാഭ്യാസത്തിനർത്ഥം. അത്തരം വിദ്യാഭ്യാസത്തിനു മാത്രമേ ഒരു നൂതന സംസ്കാരവും സമാധാനപരമായ ഒരു ലോകവും സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. പക്ഷേ, ഈ പുതിയതരം വിദ്യാഭ്യാസം സംജാതമാകുന്നതിനു പാടേ വ്യത്യസ്തമായ ഒരടിസ്ഥാനത്തിലൂന്നിക്കൊണ്ട് ആദ്യം മുതൽ തുടങ്ങേണ്ടതുണ്ട്.

നമ്മുടെ ചുറ്റും ലോകം തകർന്നു നശിക്കുമ്പോൾ, നാം സിദ്ധാന്തങ്ങളെയും, കാര്യമില്ലാത്ത രാഷ്ട്രീയപ്രശ്നങ്ങളെയും പറ്റി ചർച്ച ചെയ്തുകൊണ്ടിരിക്കുകയും, ഉപരിപ്ലവ പരിഷ്കാരങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതു നമ്മുടെ വെറും വിചാരശൂന്യതയുടെ ലക്ഷണമല്ലേ? അങ്ങനെ തന്നെയെന്നു ചിലർ സമ്മതിച്ചേക്കാമെങ്കിലും, അവർ വീണ്ടും പഴയപടിതന്നെ തുടരുകയായിരിക്കും ചെയ്യുക—ജീവിതത്തിന്റെ പരിതാപകരമായ അവസ്ഥയാണത്. നാം ഒരു സത്യം കേൾക്കുകയും അതനുസരിച്ചു പ്രവർത്തിക്കാതിരിക്കയും ചെയ്യുമ്പോൾ, അതു നമ്മുടെ ഉള്ളിൽത്തന്നെ ഒരു വിഷമായി പരിണമിക്കുന്നു; മാനസികമായ അസ്വാസ്ഥ്യങ്ങൾ, സമനിലയില്ലായ്മ, അനാരോഗ്യം എന്നിവയെ ജനിപ്പിച്ചുകൊണ്ട് ആ വിഷം വ്യാപിക്കുകയും ചെയ്യുന്നു. വ്യക്തിയിൽ സർഗ്ഗാത്മകമായ ധിഷണയെ ഉണർത്തുമ്പോൾ മാത്രമേ സമാധാനപരവും സന്തോഷകരവുമായ ജീവിതത്തിനു സാദ്ധ്യതയുള്ളു.

ഒരു ഗവൺമെന്റിനു പകരം മറ്റൊരു ഗവൺമെന്റിനെയോ, ഒരു കക്ഷി, വിഭാഗം എന്നിവയ്ക്കു പകരം മറ്റൊരു കക്ഷിയെയോ വിഭാഗത്തെയോ, ഒരു ചൂഷകനു പകരം മറ്റൊരു ചൂഷകനെയോ ഏർപ്പെടുത്തുക മാത്രം കൊണ്ടു നമുക്കു ധിഷണാശാലികളാകാൻ സാധിക്കുന്നതല്ല. രക്തരൂക്ഷിതമായ വിപ്ലവത്തിനു നമ്മുടെ പ്രശ്നങ്ങൾക്കു പോംവഴി കണ്ടുപിടിക്കാൻ ഒരു കാലത്തും കഴിയുകയില്ല. നമ്മുടെ സകല മൂല്യങ്ങളെയും മാറ്റിക്കളയുന്ന അഗാധമായ ഒരാന്തരിക വിപ്ലവത്തിനു മാത്രമേ ഒരു ഭിന്ന പരിസ്ഥിതിയെയും ധിഷണാപരമായ ഒരു സാമൂഹികഘടനയെയും സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. അത്തരം ഒരു വിപ്ലവം വരുത്തിക്കൂട്ടാൻ

# ആധുനിക വിദ്യാഭ്യാസം നമ്മെ വിചാരശൂന്യരാക്കിത്തീർക്കുന്നു

എനിക്കും നിങ്ങൾക്കും മാത്രമേ കഴിയുകയുള്ളൂ. നാമോരോരുത്തരും നമ്മുടെ മാനസിക പ്രതിബന്ധങ്ങൾ തകർത്തു സ്വയം സ്വതന്ത്രരാകുന്നതുവരെ ഒരു നൂതന വ്യവസ്ഥിതിയും ഉദയം ചെയ്യുന്നതല്ല.

ഒരു ഉജ്ജ്വലമായ സങ്കല്പ സ്വർഗ്ഗത്തിന്റെ, കരുത്തുറ്റ ഒരു നവലോകത്തിന്റെ കരടുപകർപ്പു കടലാസ്സിൽ വരച്ചുവയ്ക്കാൻ നമുക്കു സാധിക്കും. പക്ഷേ, ഒരു അജ്ഞാതഭാവിക്കുവേണ്ടി വർത്തമാനകാലത്തെ ബലി കഴിക്കുകകൊണ്ടു നമുക്കൊരിക്കലും നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കില്ലെന്നു തീർച്ചയാണ്. വർത്തമാനത്തിനും ഭാവിക്കും മദ്ധ്യേ, ആർക്കും തന്നെ ഭാവി എന്തായിരിക്കുമെന്നറിയാൻ സാധിക്കാത്തത്ര ഘടകങ്ങൾ ഇടകലർന്നിരിക്കുന്നു. നാം ആത്മാർത്ഥതയുള്ളവരാണെങ്കിൽ, നമ്മുടെ പ്രശ്നങ്ങളെ ഭാവിയിലേക്കു മാറ്റിവയ്ക്കാതെ ഇപ്പോൾത്തന്നെ നേരിടുകയാണു ചെയ്യാവുന്നതും, ചെയ്യേണ്ടതും. നിത്യത എന്നതു ഭാവിയിലല്ല; നിത്യത വർത്തമാനകാലത്തിലാണ്. നമ്മുടെ പ്രശ്നങ്ങൾ വർത്തമാനത്തിലാണ്; വർത്തമാനത്തിൽ മാത്രമേ അവയെ പരിഹരിക്കാൻ സാധിക്കുകയുമുള്ളൂ.

നമ്മുടെ കൂട്ടത്തിൽ ഗൗരവമുള്ളവർ നമ്മെത്തന്നെ പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ നമ്മുടെ, ആത്മരക്ഷാപരവും ആക്രമാത്മകവുമായുള്ള ആഗ്രഹങ്ങൾമൂലം നാം സ്വയം സൃഷ്ടിച്ചിട്ടുള്ള മൂല്യങ്ങളിൽ നിന്നു വേർപിരിയുമ്പോൾ മാത്രമേ പുനരുജ്ജീവനം നടക്കുകയുള്ളൂ. സ്വീയജ്ഞാനമാണ് സ്വാതന്ത്ര്യത്തിന്റെ ആരംഭം. നാം നമ്മെത്തന്നെ മനസ്സിലാക്കുമ്പോൾ മാത്രമേ ക്രമവും സമാധാനവും വരുത്താൻ നമുക്കു സാധിക്കുകയുള്ളൂ.

“ചരിത്രത്തെ ബാധിക്കത്തക്ക വിധം ഒരൊറ്റ വ്യക്തിക്ക് എന്തു ചെയ്യാൻ കഴിയും? തന്റെ ജീവിതരീതി കൊണ്ട് അയാൾക്ക് എന്തെങ്കിലും സാധിക്കാവുന്നതാണോ?” എന്നിങ്ങനെ ചിലർ ചോദിച്ചേക്കാം. തീർച്ചയായും സാധിക്കും. നിങ്ങളോ ഞാനോ ആസന്ന യുദ്ധങ്ങളെ നിർത്താൻ പോകുന്നില്ലെന്നും രാഷ്ട്രങ്ങൾ തമ്മിൽ ഉടനടി ഒരു ധാരണയുളവാക്കാൻ പോകുന്നില്ലെന്നും വ്യക്തമാണ്. എന്നാൽ നമ്മുടെ ദൈനംദിന ബന്ധങ്ങളുടെ ലോകത്തിൽ ഏറ്റവും ചുരുങ്ങിയ ഫലദായകങ്ങളായ ഒരു മൗലികമായ മാറ്റം വരുത്താൻ നമുക്കു സാധിക്കും.

വ്യക്തിപരമായ ജ്ഞാനോദയം വലിയ ജനസമൂഹങ്ങളെ ബാധിക്കുക തന്നെ ചെയ്യും—പക്ഷേ, നമ്മളിൽ ഫലാകാംക്ഷ ഇല്ലെങ്കിൽ മാത്രം. ലാഭത്തിന്റെയും ഫലത്തിന്റെയും ഭാഷയിൽ ചിന്തിച്ചാൽ ശരിയായ ആത്മപരിവർത്തനം സാദ്ധ്യമല്ല.

മാനവപ്രശ്നങ്ങൾ ലളിതങ്ങളല്ല, സങ്കീർണ്ണങ്ങളാണ്. അവ ഗ്രഹിക്കുന്നതിനു ക്ഷമയും ഉൾക്കാഴ്ചയും ആവശ്യമാണ്. വ്യക്തികളെന്ന നിലയിൽ നാം അവയെ ഗ്രഹിക്കുകയും പരിഹരിക്കുകയും ചെയ്കയെന്നുള്ളത് പരമപ്രധാനമായ സംഗതിയാണ്. എളുപ്പമായ മുദ്രാവാക്യങ്ങളാലും സൂത്രവാക്യങ്ങളാലും അവയെ മനസ്സിലാക്കാനാവില്ല. പ്രത്യേക രീതികളിലൂടെ പ്രവർത്തിക്കുന്ന വിശേഷജ്ഞന്മാർക്ക് പ്രശ്നങ്ങളുടെ സ്വന്തതലത്തിൽ വച്ചുതന്നെ അവയെ പരിഹരിക്കാവുന്നതുമല്ല; കാരണം, അത് കൂടുതൽ കുഴപ്പങ്ങളും ദുരിതങ്ങളും വരുത്തിക്കൂട്ടുകയേയുള്ളൂ. ഒരു സമഗ്ര വ്യക്തിത്വം എന്ന നിലയിൽ നമ്മെപ്പറ്റിത്തന്നെ നമുക്കു ബോധമുണ്ടാകുമ്പോൾ, അതായത്, നമ്മുടെ ആകെക്കൂടിയുള്ള മാനസിക സംവിധാനത്തെപ്പറ്റി നാം മനസ്സിലാക്കുമ്പോൾ മാത്രമേ, നമ്മുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവയെ പരിഹരിക്കാനും സാധിക്കുകയുള്ളൂ. ഈ അറിവിനുള്ള മാർഗ്ഗം കാട്ടിത്തരാൻ യാതൊരു മതനേതാവിനാകട്ടെ, രാഷ്ട്രീയ നേതാവിനാകട്ടെ കഴിവില്ല.

നമ്മെത്തന്നെ മനസ്സിലാക്കുന്നതിന് ആളുകളുമായുള്ള നമ്മുടെ ബന്ധത്തെ മാത്രമല്ല, വസ്തു, ആശയം, പ്രകൃതി എന്നിവയുമായുള്ള ബന്ധത്തെക്കൂടി നാം അറിയേണ്ടതുണ്ട്. സമുദായത്തിന്റെയെല്ലാം അടിസ്ഥാനമായ മനുഷ്യബന്ധത്തിൽ ഒരു യഥാർത്ഥ വിപ്ലവം വരുത്തണമെന്നുണ്ടെങ്കിൽ, നമ്മുടെ മൂല്യങ്ങളിലും വീക്ഷണഗതിയിലും അടിസ്ഥാനപരമായ ഒരു മാറ്റം വന്നേ കഴിയൂ. പക്ഷേ, അത്യാവശ്യമായ നമ്മുടെ സ്വന്തം അടിസ്ഥാന പരിവർത്തനത്തെ ഒഴിവാക്കുകയും, രക്തച്ചൊരിച്ചലിനും ദുരന്തങ്ങൾക്കും എപ്പോഴും ഇടയാക്കുന്ന രാഷ്ട്രീയ വിപ്ലവങ്ങൾ വരുത്തിക്കൂട്ടാൻ ശ്രമിക്കുകയും ചെയ്യുന്നു.

സംവേദനത്തെ ആസ്പദമാക്കിയുള്ള ബന്ധം ഒരിക്കലും സ്വത്വത്തിൽ നിന്നുള്ള മോചനോപായമായിരിക്കാവുന്നതല്ല. എന്നിരുന്നാലും നമ്മുടെ മിക്ക ബന്ധങ്ങളും സംവേദനത്തെ ആസ്പദമാക്കിയുള്ളവയാണ്; നമ്മുടെ സ്വന്തം സൗകര്യത്തിനും സൗഖ്യത്തിനും മാനസികമായ സുരക്ഷിതത്വബോധത്തിനും വേണ്ടിയുള്ള ആഗ്രഹത്തിന്റെ ഫലങ്ങളാണ്. സ്വത്വത്തിൽനിന്നു നൈമിഷികമായി ഒളിച്ചോടാൻ അവ വഴി നല്കാം. പക്ഷേ, ബന്ധിക്കുന്നതും വലയിതമാക്കുന്നതുമായ പ്രവർത്തനങ്ങളിൽ നിലകൊള്ളുന്ന സ്വത്വത്തിന് അത്തരം ബന്ധങ്ങൾ കൂടുതൽ ഉറപ്പ് നല്കുന്നതേയുള്ളൂ. സ്വത്വത്തെയും അതിന്റെ സകല വ്യാപാരങ്ങളെയും കാണാവുന്ന ഒരു കണ്ണാടിയാണു ബന്ധം. ബന്ധത്തിന്റെ വിവിധ പ്രതികരണങ്ങളിലൂടെ സ്വത്വത്തിന്റെ രീതികൾ മനസ്സിലാകുമ്പോൾ മാത്രമാണ് സ്വത്വത്തിൽനിന്നുള്ള സർഗ്ഗാത്മകമായ വിടുതൽ സംഭവിക്കുന്നത്.

ലോകത്തിനു രൂപപരിവർത്തനം വരുത്താൻ നമ്മിൽത്തന്നെ ഒരു പുനരുജ്ജീവനം ആവശ്യമാണ്. അക്രമം കൊണ്ട്, പരസ്പരം കൊല ചെയ്തുകൊണ്ട് ഒന്നുംതന്നെ സാധിക്കാൻ പോകുന്നില്ല. സംഘങ്ങളിൽ ചേരുന്നതുകൊണ്ട്, സാമൂഹികവും സാമ്പത്തികവുമായ പരിഷ്കരണ രീതികൾ പഠിക്കുന്നതുകൊണ്ട്, നിയമം നിർമ്മിക്കുന്നതുകൊണ്ട്, പ്രാർത്ഥിക്കുന്നതുകൊണ്ട് നമുക്ക് ഒരു താൽക്കാലിക ആശ്വാസം നേടിയെന്നു വരാം. പക്ഷേ, എന്തൊക്കെ ചെയ്താലും സ്വീയജ്ഞാനവും അതിൽ അന്തർനിഹിതമായിരിക്കുന്ന സ്നേഹവും ഇല്ലെങ്കിൽ, നമ്മുടെ പ്രശ്നങ്ങൾ എപ്പോഴും വളരുകയും പെരുകുകയും ചെയ്തുകൊണ്ടിരിക്കുന്നതാണ്. നേരേമറിച്ച്, നമ്മുടെ ഹൃദയമനസ്സുകളെ നമ്മെത്തന്നെ അറിയാൻ പ്രയോഗിക്കുന്നെങ്കിൽ, തീർച്ചയായും നമ്മുടെ പല സംഘർഷങ്ങളെയും ദുഃഖങ്ങളെയും ഇല്ലാതാക്കാൻ നമുക്കു സാധിക്കുന്നതാണ്.

ആധുനികവിദ്യാഭ്യാസം നമ്മളെ വിചാരശൂന്യരാക്കിത്തീർക്കുന്നു. നമ്മുടെ വ്യക്തിത്വത്തിന് അനുരൂപമായ തൊഴിൽ കണ്ടുപിടിക്കാൻ അതു നമ്മെ വളരെയൊന്നും സഹായിക്കുന്നില്ല. നാം ചില പരീക്ഷകൾ ജയിക്കുകയും പിന്നെ ഭാഗ്യവശാൽ ഒരു ജോലി സമ്പാദിക്കുകയും ചെയ്യുന്നു—അതു മിക്കവാറും ശേഷം ജീവിതത്തിന്റെ അന്തമില്ലാത്ത ഒരു കാര്യക്രമമായിത്തീരുന്നു. ആ ജോലി നമുക്കിഷ്ടമില്ലെങ്കിലും മറ്റ് ഉപജീവനമാർഗ്ഗമൊന്നുമില്ലാത്തതി

# ആധുനിക വിദ്യാഭ്യാസം നമ്മെ വിചാരശൂന്യരാക്കിത്തീർക്കുന്നു

നാൽ അതു തുടരാൻതന്നെ നാം നിർബന്ധിതരാകുന്നു. പാടേ ഭിന്നമായ എന്തെങ്കിലും ചെയ്യണമെന്നു നമുക്ക് ആഗ്രഹമുണ്ടെങ്കിലും, ഏറ്റെടുത്ത കാര്യങ്ങളും ചുമതലകളും നമ്മെ കീഴമർത്തുന്നു; നമ്മുടെ സ്വന്തം ഉത്കണ്ഠകളുടെയും ഭീതികളുടെയും ഇടയിൽ നാം കുടുങ്ങിപ്പോകുകയും ചെയ്യുന്നു. ഇപ്രകാരം ഇച്ഛാഭംഗം വന്ന് നാം ലൈംഗികത, മദ്യപാനം, രാഷ്ട്രീയകാര്യങ്ങൾ അല്ലെങ്കിൽ വിചിത്രാലംകൃതമായ മതം എന്നിവയിലൂടെ രക്ഷാമാർഗ്ഗം അന്വേഷിക്കുന്നു.

നമ്മുടെ മഹത്ത്വാഭിലാഷങ്ങൾക്കു ഭംഗം നേരിടുമ്പോൾ, സാമാന്യമാകേണ്ടതിന് നാം അനർഹമായ പ്രാധാന്യം കല്പിക്കുകയും മാനസികമായ കോട്ടത്തിനു വിധേയരായിത്തീരുകയും ചെയ്യുന്നു. നമ്മുടെ ജീവിതം, സ്നേഹം, നമ്മുടെ രാഷ്ട്രീയവും മതപരവും സാമൂഹ്യവുമായ ആഗ്രഹങ്ങൾ എന്നിവയെ, അവയുടെ ആവശ്യങ്ങളോടും പ്രതിബന്ധങ്ങളോടുംകൂടി, സമഗ്രമായി ഗ്രഹിക്കുന്നതുവരെ നമ്മുടെ ബന്ധങ്ങളിൽ പ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടേയിരിക്കും; അവ ദുരിതത്തിലേക്കും നാശത്തിലേക്കും നയിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും.

സ്വത്വത്തിന്റെ രീതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് അജ്ഞത. ഈ അജ്ഞത ഉപരിപ്ലവമായ പ്രവർത്തനങ്ങളും പരിഷ്കാരങ്ങളും കൊണ്ടു നശിപ്പിക്കാവുന്നതുമല്ല. സ്വത്വത്തിന്റെ എല്ലാ ബന്ധങ്ങളിലും കാണുന്ന ചലനങ്ങളെയും പ്രതികരണങ്ങളെയും കുറിച്ചുള്ള നിരന്തരമായ ജാഗ്രതകൊണ്ടു മാത്രമേ അതിനെ നശിപ്പിക്കാൻ സാധിക്കുകയുള്ളു.

ചുറ്റുപാടുകളാൽ നാം ശീലവിധേയരായിരിക്കന്നു എന്നു മാത്രമല്ല, ചുറ്റുപാടുകൾതന്നെ നാമാണെന്നുള്ളതത്രേ നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നത്; നാം അവയിൽനിന്നു വേർപെട്ടവരല്ല. നാം ഒരംശമായിരിക്കുന്ന സമുദായം നമ്മിൽ ചുമത്തിയിരിക്കുന്ന മൂല്യങ്ങളാൽ നമ്മുടെ ചിന്തകളും പ്രതികരണങ്ങളും ശീലപ്പെടുത്തപ്പെട്ടിരിക്കുന്നു.

നാമാണു മൊത്തം ചുറ്റുപാടുകൾ എന്നുള്ള വസ്തുത നാം കാണുന്നില്ല. കാരണം, “എന്നെ” അഥവാ സ്വത്വത്തെ ചുറ്റിക്കറങ്ങുന്ന പല സത്താവിശേഷങ്ങൾ നമ്മിലുണ്ട്. വിവിധ രൂപത്തിലുള്ള ആഗ്രഹങ്ങൾ മാത്രമായ സത്തകൾ ചേർന്നതാണു സ്വത്വം. ഈ ആഗ്രഹസമുച്ചയത്തിൽ നിന്ന് ചിന്തകൻ (thinker) അഥവാ, “ഞാൻ”, “എന്റെ” എന്നിങ്ങനെയുള്ള ഇച്ഛകളുടെ രൂപം വഹിക്കുന്ന ആ കേന്ദ്രവ്യക്തി, ഉത്ഭവിക്കുന്നു., അതോടുകൂടി താൻ, താനല്ലാത്തത് എന്നിവ തമ്മിൽ, താൻ, തന്റെ ചുറ്റുപാടുകൾ അഥവാ സമുദായം എന്നിവ തമ്മിൽ, ഭിന്നത ഉണ്ടാകുന്നു. ഈ ഭിന്നത ബാഹ്യവും ആന്തരവുമായ സംഘട്ടനത്തിന്റെ തുടക്കമാണ്.

ബോധവും നിഗൂഢവുമായ ഈ മൊത്തം പ്രക്രിയകളെക്കുറിച്ചുള്ള ഉണർവ് ധ്യാനമാണ്. ഈ ധ്യാനത്തിലൂടെ ആഗ്രഹങ്ങളോടും സംഘർഷങ്ങളോടുംകൂടിയ സ്വത്വം ഉത്തരണം ചെയ്യപ്പെടുന്നു. സ്വത്വത്തിനു സുരക്ഷിതത്വം നല്കുന്ന മൂല്യങ്ങളിലും സ്വാധീനങ്ങളിലും നിന്നു മോചനം നേടണമെങ്കിൽ, സ്വീയജ്ഞാനം ആവശ്യമാണ്. സൃഷ്ടിയെന്നോ, സത്യമെന്നോ, ഈശ്വരനെന്നോ നിങ്ങൾ വിളിക്കുന്ന ഇത് ഈ സ്വാതന്ത്ര്യത്തിൽ മാത്രമേ ഉള്ളു.

കേവലം ഇളംപ്രായത്തിൽതന്നെ അഭിപ്രായവും പാരമ്പര്യവും നമ്മുടെ വിചാരങ്ങളെയും വികാരങ്ങളെയും കരുപ്പിടിപ്പിക്കുന്നു. നമ്മുടെ തൊട്ട ചുറ്റുപാടുകളിലുള്ള സ്വാധീനശക്തികളും മനസ്സിൽ പതിഞ്ഞ കാര്യങ്ങളും നമ്മുടെ ബോധവും അബോധവുമായ ജീവിതത്തിന്റെ ഗതിയെ ആകെ രൂപപ്പെടുത്തുന്നു; പ്രബലവും സ്ഥായിയുമായ ഒരു ഫലം സൃഷ്ടിക്കുന്നു. വിദ്യാഭ്യാസം, സമുദായത്തിന്റെ സമ്മർദ്ദം എന്നിവമൂലം കുട്ടിക്കാലത്തുതന്നെ അനുരൂപണം ആരംഭിക്കുന്നു.

ഉപരിതലങ്ങളിൽ മാത്രമല്ല, അഗാധതലങ്ങളിലും അനുകരണവാസനയെന്നതു നമ്മുടെ ജീവിതത്തിലെ അതി പ്രബലമായ ഒരു ഘടകമാണ്. സ്വതന്ത്ര വികാരവിചാരങ്ങൾ നമുക്കുണ്ടെന്നു പറയാനാവില്ല. അഥവാ ഉണ്ടാകുന്നെങ്കിൽ അവ കേവലം പ്രതികരണങ്ങൾ മാത്രമാണ്. അതുകൊണ്ട് പ്രതിഷ്ഠിതമായ മാതൃകകളിൽനിന്ന് അവ സ്വതന്ത്രമായിരിക്കുന്നുമില്ല. പ്രതികരണങ്ങളിൽ സ്വാതന്ത്ര്യമില്ല.

സത്യത്തെ അഥവാ ഈശ്വരനെ അറിയാനുള്ള ചില ഉപായങ്ങൾ മതവും തത്ത്വശാസ്ത്രവും നിർദ്ദേശിച്ചിട്ടുണ്ട്. എങ്കിലും നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒരുപായം എത്രതന്നെ ഗുണപ്രദമാണെന്നു തോന്നിയാലും, അതിനെ അനുസരിക്കുന്നതുകൊണ്ടു നാം വിചാരശൂന്യരും വിഗ്രഥിതരുമായിരിക്കാനേ വഴിയുള്ളു. അനുരൂപമായിരിക്കാനുള്ള വ്യഗ്രത സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ആഗ്രഹത്തെ കാണിക്കുന്നു. അതു നമ്മിൽ ഭീതി ഉളവാക്കുന്നതോടൊപ്പം അധീനതയെ വളർത്തുന്നവരും സ്ഥൂലമോ സൂക്ഷ്മമോ ആയ രൂപത്തിൽ നമ്മെ ഭരിക്കുന്നവരുമായ മതാധികാരികൾ, രാഷ്ട്രീയാധികാരികൾ, നേതാക്കന്മാർ, വീരപുരുഷന്മാർ മുതലായവരെ ആനയിക്കുകയും ചെയ്യുന്നു. എന്നാൽ അനുരൂപീകരിക്കാതിരിക്കുകയെന്നത് അധികാരത്തിനെതിരായുള്ള പ്രതികരണം മാത്രമാണ്; ഉദ്ഗ്രഥിത മനുഷ്യജീവികളായിത്തീരാൻ അതു നമ്മെ സഹായിക്കുന്നുമില്ല. പ്രതികരണത്തിന് ഒരിക്കലും അവസാനമില്ല; അത് കൂടുതൽ പ്രതികരണങ്ങൾക്കിട നല്കുക മാത്രമേ ചെയ്യുന്നുള്ളു.

ഭീതിയാകുന്ന അടിയൊഴുക്കോടുകൂടിയ അനുരൂപണം ഒരു പ്രതിബന്ധമാണ്. എന്നാൽ ഈ വസ്തുതയെ ബുദ്ധിപരമായി സമ്മതിക്കുക മാത്രം കൊണ്ട് അതിന് അഴിവു വരുന്നില്ല. നമ്മുടെ സത്ത മുഴുവനും കൊണ്ടു പ്രതിബന്ധങ്ങളെക്കുറിച്ച് അവബോധരാകുമ്പോൾ മാത്രമേ, അഗാധമായ കൂടുതൽ പ്രതിബന്ധങ്ങളെ സൃഷ്ടിക്കാതെ അവയിൽ നിന്നു മുക്തരാകാൻ സാധിക്കുകയുള്ളു.

നാം ആന്തരികമായി പരാധീനരായിരിക്കുമ്പോൾ പാരമ്പര്യം നമ്മുടെമേൽ പിടിമുറുക്കും. പാരമ്പര്യത്തിലൂടെ ചിന്തിക്കുന്ന ഒരു മനസ്സിനു പുതിയതിനെ കണ്ടെത്താനാവില്ല. അനുരൂപണംകൊണ്ടു നാം വെറും സാമാന്യക്കാരായ അനുകരണക്കാർ, ക്രൂരമായ സാമൂഹികയന്ത്രത്തിന്റെ വെറും പല്ലുകൾ, മാത്രമായിപ്പോകുന്നു. നാം വിചാരിക്കുന്നതെന്തോ അതാണു കാര്യം. അല്ലാതെ നാം എന്തു വിചാരിക്കണമെന്നു മറ്റുള്ളവർ ആഗ്രഹിക്കുന്നതല്ല. പാരമ്പര്യവുമായി അനുയോജ്യമാവുമ്പോൾ നാം എന്തായിരിക്കണമോ അതിന്റെ പകർപ്പുകളായി നാം വേഗത്തിൽ രൂപം പ്രാപിക്കുന്നു.

നാം എന്തായിത്തീരണം എന്നതിന്റെ അനുകരണം ഭയം ജനിപ്പിക്കുന്നു. ഭയം സർഗ്ഗചിന്തയെ നശിപ്പിക്കുകയും ചെയ്യുന്നു. അതു മനസ്സിനെയും ഹൃദയത്തെയും ജഡമാക്കുന്നതിനാൽ, ജീവിതത്തിന്റെ മൊത്തം അർത്ഥാത്മകതയെ സംബന്ധിച്ചു നാം ജാഗരൂകരല്ലാതായിത്തീരുന്നു;

# ആധുനിക വിദ്യാഭ്യാസം നമ്മെ വിചാരശൂന്യരാക്കിത്തീർക്കുന്നു

നമ്മുടെ സ്വന്തം സങ്കടങ്ങളെയും, പക്ഷികളുടെ ചലനത്തെയും, അന്യരുടെ ദുരിതങ്ങൾ, പുഞ്ചിരികൾ എന്നിവയെയും കുറിച്ചു നിശ്ചേതനന്മാരാകുന്നു.

ബോധവും അബോധവുമായ ഭയത്തിന് പല ഭിന്ന കാരണങ്ങൾ ഉണ്ട്; അവയിൽനിന്നു മുക്തിനേടാൻ തികഞ്ഞ ജാഗ്രത ആവശ്യമാണ്. ശിക്ഷണം, സംസ്കരണം അഥവാ മറ്റേതെങ്കിലും ഇച്ഛാരൂപമായ ക്രിയ എന്നിവയാലൊന്നുകൊണ്ടും ഭയത്തെ ഇല്ലാതാക്കാവുന്നതല്ല. അതിന്റെ കാരണങ്ങളെ തേടുകയും മനസ്സിലാക്കുകയും വേണം. ഇതിനു ക്ഷമയും യാതൊരു മുൻവിധിയുമില്ലാത്ത അവബോധവും വേണ്ടിയിരിക്കുന്നു.

നമ്മുടെ ബോധതലത്തിലുള്ള ഭയങ്ങളെ മനസ്സിലാക്കാനും ഇല്ലാതാക്കാനും താരതമ്യേന എളുപ്പമാണ്. എന്നാൽ അബോധഭയങ്ങളെ നമ്മിൽ അധികംപേരും കണ്ടുപിടിച്ചിട്ടുപോലുമില്ല. കാരണം, അവ ഉപരിതലത്തിൽ വരാൻ നാം അനുവദിക്കാറില്ല. ചില അപൂർവസന്ദർഭങ്ങളിൽ പൊന്തിവരുമ്പോൾ അവയെ മൂടിക്കളയാൻ, അവയിൽനിന്നു രക്ഷപ്പെടാൻ നാം തിടുക്കപ്പെടുന്നു. മറഞ്ഞുകിടക്കുന്ന ഭയം, സ്വപ്നങ്ങളിലൂടെയും മറ്റു തരത്തിലുള്ള സൂചനകളിലൂടെയും അവയുടെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നു. ഉപരിപ്ലവഭീതികളെ അപേക്ഷിച്ച് അവ കൂടുതൽ ഉരസലും കെടുതിയും ഉളവാക്കുകയും ചെയ്യുന്നു.

നമ്മുടെ ജീവിതം ഉപരിപ്ലവം മാത്രമല്ല; അതിൽ ഏറിയപങ്കും സാധാരണ നിരീക്ഷണത്തിൽനിന്ന് ഒളിഞ്ഞിരിക്കുകയാണ്. നമ്മുടെ അബോധഭയങ്ങൾ വെളിപ്പെട്ടു ദ്രവിക്കണമെന്നു വിചാരിക്കുന്നെങ്കിൽ, ബോധമനസ്സ് അന്തമില്ലാത്ത വിധം വ്യാപൃതമായിരിക്കുന്നതിനു പകരം ഒട്ടൊക്കെ നിഷ്പന്ദമായിരിക്കേണ്ടതാണ്. പിന്നീട്, ഈ ഭയങ്ങൾ മുകളിൽ പൊന്തിവരുമ്പോൾ അവയെ ഇടതടവില്ലാതെ നിരീക്ഷണം ചെയ്യണം. കാരണം, ഏതു രൂപത്തിലുള്ള നിന്ദിക്കലും ന്യായീകരിക്കലും ഭയത്തെ ബലപ്പെടുത്തുക മാത്രമേ ചെയ്കയുള്ളു. സകല ഭയങ്ങളിൽനിന്നും മുക്തരായിരിക്കുന്നതിനു നാം അവയുടെ ഇരുട്ടാക്കുന്ന പ്രഭാവത്തെപ്പറ്റി ബോധമുള്ളവരായിരിക്കണം. നിരന്തരമായ ജാഗരൂകതയ്ക്കു മാത്രമേ അവയുടെ നിരവധി കാരണങ്ങളെ വെളിപ്പെടുത്താൻ കഴിയൂ.

ഭയത്തിന്റെ ഒരു ഫലം മാനവകാര്യങ്ങളിൽ അധികാരത്തെ അംഗീകരിക്കുകയെന്നുള്ളതാണ്. ശരിയായിരിക്കാൻ, സുരക്ഷിതരായിരിക്കാൻ, സൗഖ്യത്തിൽ കഴിഞ്ഞുകൂടാൻ, ബോധതലത്തിൽ സംഘർഷങ്ങളോ അസ്വസ്ഥതകളോ സംഭവിക്കാതിരിക്കാൻ വേണ്ടിയുള്ള നമ്മുടെ ആഗ്രഹമാണ് അധികാരത്തെ സൃഷ്ടിക്കുന്നത്. വിവേകശാലികളെന്നു പറയപ്പെടുന്നവരോടുള്ള അധീനതയും ബഹുമാനവുമായി ഭയം രൂപം പ്രാപിച്ചെന്നുവരാം. പക്ഷേ, നമ്മുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന കാര്യത്തിൽ ഭയത്തിന്റെ ഫലമായുണ്ടാകുന്നതൊന്നും സഹായിക്കുന്നില്ല. വിവേകശാലികൾ അധികാരം പ്രയോഗിക്കുന്നില്ല; അധികാരത്തിലിരിക്കുന്നവർ വിവേകശാലികളുമല്ല. ഭയം ഏതു രൂപത്തിലുള്ളതായാലും അതു നമ്മെയും മറ്റു വസ്തുക്കളുമായുള്ള നമ്മുടെ ബന്ധത്തെയും മനസ്സിലാക്കുന്നതിനു പ്രതിബന്ധമാണ്.

അധികാരത്തെ അനുസരിക്കുക എന്നതു ധിഷണാശക്തിയെ നിഷേധിക്കുകയാണ്. അധികാരത്തെ അംഗീകരിക്കുക എന്നതു മേൽഭരണത്തിനു കീഴടങ്ങുകയാണ്; ഒരു വ്യക്തിക്കോ, സംഘത്തിനോ, മതപരമായ രാഷ്ട്രീയമോ ആയ ഒരു ആശയസമ്പ്രദായത്തിനോ നമ്മെത്തന്നെ കീഴടക്കുകയാണ്. ഇപ്രകാരം കീഴടങ്ങുകയെന്നതു ധിഷണാശക്തിയുടെ മാത്രമല്ല, വ്യക്തിസ്വാതന്ത്ര്യത്തിന്റെയും നിഷേധമാകുന്നു. ഒരു വിശ്വാസസമ്പ്രദയത്തിനോ ആശയസമ്പ്രദായത്തിനോ സമ്മതം മൂളുകയെന്നാൽ ആത്മരക്ഷാപരമായ ഒരു പ്രതികരണമാണ്. അധികാരത്തെ അംഗീകരിക്കുന്നതുകൊണ്ടു നമ്മുടെ വൈഷമ്യങ്ങളെയും പ്രശ്നങ്ങളെയും തൽക്കാലം പൊത്തിപ്പൊതിഞ്ഞുവയ്ക്കാൻ സാധിച്ചെന്നുവരാം. എന്നാൽ പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നതുകൊണ്ട് അതു കൂടുതൽ കടുക്കുകയും ആ പ്രക്രിയക്കിടയിൽ, സ്വീയജ്ഞാനവും സ്വാതന്ത്ര്യവും നാം ത്യജിക്കുകയും ചെയ്യുന്നു.

അധികാരാംഗീകരണവും സ്വാതന്ത്ര്യവും തമ്മിൽ എങ്ങനെയാണു പൊരുത്തപ്പെടുക? പൊരുത്തപ്പെടുന്നെങ്കിൽ, തങ്ങൾ സ്വീയജ്ഞാനവും സ്വാതന്ത്ര്യവും അന്വേഷിക്കുന്നു എന്നു പറയുന്നവർ അവരുടെ പ്രയത്നത്തിൽ ആത്മാർത്ഥതയുള്ളവരല്ല. സ്വാതന്ത്ര്യം എന്നത് ഒരു പരമലക്ഷ്യം, അന്തിമലക്ഷ്യം മാത്രമാണെന്നും, സ്വതന്ത്രരാകുന്നതിനുവേണ്ടി ആദ്യം പലവിധ ഭീഷണികൾക്കും അടിച്ചമർത്തലുകൾക്കും സ്വയം കീഴ്പ്പെടണമെന്നും നാം വിചാരിക്കുന്നതായി തോന്നുന്നു. അനുരൂപണത്തിലൂടെ സ്വാതന്ത്ര്യം നേടാമെന്ന് നാം ആശിക്കുന്നു. പക്ഷേ, മാർഗ്ഗം ലക്ഷ്യത്തെപ്പോലെതന്നെ പ്രധാനമല്ലേ? മാർഗ്ഗം ലക്ഷ്യത്തിനു രൂപം നല്കുന്നില്ലേ?

സമാധാനം വേണമെങ്കിൽ ഒരുവൻ സമാധാനപരമായ മാർഗ്ഗങ്ങൾ തന്നെ സ്വീകരിക്കണം. എന്തെന്നാൽ മാർഗ്ഗം ഹിംസാത്മകമാണെങ്കിൽ ലക്ഷ്യം സമാധാനപരമായിരിക്കുന്നതെങ്ങനെ? അന്ത്യം സ്വാതന്ത്ര്യമാണെങ്കിൽ ആരംഭം സ്വതന്ത്രമായിത്തന്നെയിരിക്കണം. കാരണം, ആരംഭവും അന്ത്യവും ഒന്നുതന്നെയാണ്. ആദിയിൽത്തന്നെ സ്വാതന്ത്ര്യമുള്ളപ്പോൾ മാത്രമേ സ്വീയജ്ഞാനവും ധിഷണാശക്തിയും ഉണ്ടായിരിക്കാനിടയുള്ളൂ. അധികാരത്തെ അംഗീകരിക്കുന്നതോടുകൂടി സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു.

അറിവ്, വിജയം, ശക്തി എന്നിങ്ങനെ വിവിധ രൂപങ്ങളിൽ നാം അധികാരത്തെ ആരാധിക്കുന്നു. കുട്ടികളുടെമേൽ അധികാരം പ്രയോഗിക്കുമ്പോൾ തന്നെ, നമ്മുടേതിൽ കവിഞ്ഞ അധികാരത്തെ നാം ഭയപ്പെടുന്നു. മനുഷ്യന് ആന്തരമായ ദർശനശക്തിയില്ലാത്തപ്പോൾ ബാഹ്യമായ പ്രാബല്യത്തിനും പദവിക്കും വമ്പിച്ച പ്രാധാന്യം ലഭിക്കുന്നു. അതോടുകൂടി അവൻ കൂടുതൽ കൂടുതലായി അധികാരത്തിനും നിർബന്ധത്തിനും വിധേയമാക്കപ്പെടുന്നു. അന്യരുടെ ഉപകരണമായിത്തീരുന്നു. നമ്മുടെ ചുറ്റിനും ഈ പ്രക്രിയ നടന്നു കൊണ്ടിരിക്കുന്നതു നമുക്കു കാണാൻ കഴിയും; ദുർഘട സന്ധികളിൽ ജനായത്ത രാഷ്ട്രങ്ങൾ, അവയുടെ ജനായത്ത ഭരണമെല്ലാം മറന്ന്, നിർബന്ധപൂർവം മനുഷ്യനെ അനുരൂപമാക്കിക്കൊണ്ട്, സർവ്വാധികാരി രാഷ്ട്രങ്ങളെപ്പോലെ പ്രവർത്തിക്കുന്നു.

കീഴടക്കുന്നതിനോ കീഴടങ്ങുന്നതിനോ ഉള്ള നമ്മുടെ ആഗ്രഹത്തിനു പിന്നിലുള്ള നിർബന്ധശക്തിയെ മനസ്സിലാക്കാൻ കഴിയുമെങ്കിൽ, അധികാരത്തിന്റെ ഹാനികരമായ ഫലങ്ങളലിൽനിന്നും സ്വതന്ത്രരാകാൻ സാധിച്ചെന്നുവരാം.

*“വിദ്യാഭ്യാസവും ജീവിതത്തിന്റെ പൊരുളും”*
എന്ന പുസ്തകത്തിൽ നിന്ന് ■

# വിദ്യാർത്ഥികളുടെ ചോദ്യങ്ങൾ

*ചോദ്യകർത്താവ്:* നമക്കെല്ലാവർക്കും ശരിക്കുള്ള വിദ്യാഭ്യാസം ലഭിച്ചിരുന്നുവെങ്കിൽ നാം ഭയരഹിതരാകുമായിരുന്നോ?

*കൃഷ്ണമൂർത്തി:* ഭയവിമുക്തനാകേണ്ടതു വളരെ പ്രധാനമാണ്, അല്ലെ? ധിഷണാശക്തികൊണ്ടല്ലാതെ നിങ്ങൾക്കു ഭയരഹിതനാകാൻ സാദ്ധ്യമല്ല. അതിനാൽ ഭയത്തെ എങ്ങനെ ഒഴിവാക്കാമെന്നതിനു പകരം എങ്ങനെ ധിഷണാപരമായിരിക്കാമെന്ന് നമുക്ക് ആദ്യമായി കണ്ടുപിടിക്കാം. ധിഷണാപരമാവുകയെന്നാലെന്തെന്ന് നാം അനുഭവിച്ചറിഞ്ഞാൽ ഭയത്തെ എങ്ങനെ ഒഴിവാക്കാമെന്നു നമുക്കു മനസ്സിലാകും. ഭയം എപ്പോഴും എന്തിനേയെങ്കിലും സംബന്ധിച്ചായിരിക്കും; അതു തനിയെ നിലനില്ക്കയില്ല. മരണത്തെയും രോഗത്തെയും നഷ്ടത്തെയും ഒരുവന്റെ അച്ഛനമ്മമാരെയും മറ്റുള്ളവരുടെ അഭിപ്രായത്തെയും മറ്റും നാം ഭയപ്പെടുന്നു. അതുകൊണ്ട് നമ്മുടെ പ്രശ്നം ഭയത്തെ എങ്ങനെ ഒഴിവാക്കാമെന്നതല്ല, മറിച്ച് ഭയത്തെ നേരിടാനും മനസ്സിലാക്കാനും അതിനപ്പുറം പോകാനും ഉപകരിക്കുന്ന ധിഷണാശക്തിയെ എങ്ങനെ ഉണർത്താം എന്നതാണ്.

ധിഷണാശക്തിയുണ്ടാകാൻ വിദ്യാഭ്യാസത്തിനു നമ്മെ എങ്ങനെ സഹായിക്കാൻ കഴിയും. ധിഷണാശക്തിയെന്നാലെന്താണ്? പരീക്ഷകൾ ജയിക്കുന്നതോ സമർത്ഥനായിരിക്കുന്നതോ ആണോ അതിന്റെ ഉള്ളടക്കം? നിങ്ങൾ ധാരാളം പുസ്തകങ്ങൾ വായിക്കാം, പ്രമുഖവ്യക്തികളെ പരിചയപ്പെടാം, വളരെ വൈദഗ്ദ്ധ്യം നേടാം. എന്നാൽ അതെല്ലാം നിങ്ങളെ ധിഷണാശാലിയാക്കുമോ? അല്ലെങ്കിൽ നിങ്ങളിൽ ഉദ്ഗ്രഥനം ഉള്ളപ്പോൾ മാത്രം വരുന്ന വല്ലതുമാണോ ധിഷണാശക്തി? നാം അനേകം ഭാഗങ്ങളാൽ മാത്രം വരുന്ന വല്ലതുമാണോ ധിഷണാശക്തി? നാം അനേകം ഭാഗങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ചിലപ്പോൾ അനിഷ്ടം കാട്ടുന്നവരും അസൂയാലുക്കളും അക്രമാസക്തരുമാണ്. മറ്റു ചിലപ്പോൾ നാം വിനയമുള്ളവരും ചിന്താശീലരും ശാന്തന്മാരുമാണ്. വിഭിന്ന സമയങ്ങളിൽ നാം വ്യത്യസ്ത ജീവികളാണ്. നാം ഒരിക്കലും പരിപൂർണ്ണമായവരല്ല. ഒരിക്കലും തികഞ്ഞ ഉദ്ഗ്രഥനമുള്ളവരല്ല. ഒരു മനുഷ്യജീവിക്ക് അനേകം ആവശ്യങ്ങളുണ്ടാകുമ്പോൾ ആന്തരികമായ നിങ്ങൾ അനേകം ജീവികളായി ശിഥിലീകൃതമാകുന്നു.

പ്രശ്നത്തെ ലളിതമായി വേണം സമീപിക്കാൻ. ഭയരഹിതനാകാൻ എങ്ങനെ ധിഷണാശക്തിയുള്ളവനായിരിക്കാം എന്നതാണ് പ്രശ്നം. നിങ്ങളുടെ ബാല്യകാലം തൊട്ടെ നിങ്ങൾക്കുണ്ടായിട്ടുള്ള ഏതെങ്കിലും വിഷമാവസ്ഥയെക്കുറിച്ച് നിങ്ങൾ ചർച്ച നടത്തിയാൽ നിങ്ങളുടെ ധാരണ വെറും വാചികമാത്രമാവാതിരിക്കയും, എന്നാൽ ജീവിതത്തെ പൂർണ്ണമായി നിരീക്ഷിക്കാനും അത് നിങ്ങളെ സഹായിക്കും. അത്തരം വിദ്യാഭ്യാസത്തിനു നിങ്ങളുടെ ധിഷണാശക്തിയെ ഉണർത്താനും അങ്ങനെ മനസ്സിനെ ഭയമവിമുക്തമാക്കാനും സാധിക്കും.

*ചോദ്യകർത്താവ്:* അതിമോഹിയാവുകയെന്നാൽ മൂഢവും ക്രൂരവുമാണെന്ന് അങ്ങു പറഞ്ഞു. അപ്പോൾ ശരിയായ വിദ്യാഭ്യാസം ലഭിക്കണമെന്ന അതിമോഹം മൂഢവും ക്രൂരവുമാണോ?

*കൃഷ്ണമൂർത്തി:* നിങ്ങൾക്ക് അതിമോഹമുണ്ടോ? അതിമോഹമെന്നാലെന്താണ്? മറ്റൊരുവനെക്കാൾ കൂടുതൽ കേമനാകാനും കൂടുതൽ മാർക്കു കിട്ടാനും നിങ്ങൾ ആഗ്രഹിക്കുക—ഇതിനെയാണ് നാം അതിമോഹമെന്നു വിളിക്കുന്നത്. ചെറിയൊരു രാഷ്ട്രീയപ്രവർത്തകൻ വലിയൊരു രാഷ്ട്രീയപ്രവർത്തകനായിത്തീരാൻ ആഗ്രഹിക്കുന്നത് അതിമോഹമാണ്. എന്നാൽ ശരിയായ തരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കണമെന്ന ആഗ്രഹം അതിമോഹമാണോ? സ്നേഹിച്ച് ഒരു പ്രവൃത്തി ചെയ്യുമ്പോൾ അത് അതിമോഹമാണോ? പ്രശസ്തി ആഗ്രഹിക്കാതെ, എന്നാൽ നിങ്ങൾ സ്നേഹിക്കുന്നതുകൊണ്ട് എഴുതുകയും ചിത്രം വരയ്ക്കുകയും ചെയ്യുന്നത് അതിമോഹമല്ല. താൻ തന്നെത്തന്നെ മറ്റുള്ള എഴുത്തുകാരുമായോ കലാകാരന്മാരുമായോ താരതമ്യപ്പെടുത്തുകയും അവരുടെ മുമ്പിലെത്താൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ അതിമോഹം വരുന്നു.

അതുകൊണ്ട് യഥാർത്ഥമായി സ്നേഹിച്ചു നിങ്ങളെന്തെങ്കിലും ചെയ്യുന്നുവെങ്കിൽ അത് അതിമോഹമല്ല.

*ചോദ്യകർത്താവ്:* ഒരുവൻ സമാധാനമോ സത്യമോ കണ്ടെത്താൻ ആഗ്രഹിക്കുമ്പോൾ ഒരു സന്ന്യാസിയായിത്തീരുന്നു. അതിനാൽ ഒരു സന്ന്യാസിക്കു ലാളിത്യം ഉണ്ട്.

*കൃഷ്ണമൂർത്തി:* സമാധാനം ആഗ്രഹിക്കുന്ന ഒരാൾ ലാളിത്യം അറിയുമോ? ഒരു സന്ന്യാസിയോ ഒരു സാധുവോ ആയിത്തീരുന്നതുകൊണ്ടാണോ ഒരാൾ ലളിതമാകുന്നത്? തീർച്ചയായും സമാധാനം മനസ്സിനേ ചേർന്നതല്ല. ഞാൻ സമാധാനം ആഗ്രഹിക്കുകയും എല്ലാ ഹിംസാത്മക ചിന്തകളും എന്റെ മനസ്സിൽനിന്നും അകറ്റാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ എനിക്കു സമാധാനം ലഭിക്കുമോ? അഥവാ എനിക്ക് അനേകം ആഗ്രഹങ്ങൾ ഉണ്ടാവുകയും ആഗ്രഹങ്ങളൊന്നും തന്നെ ഉണ്ടാകരുത് എന്നു ഞാൻ പറയുകയും ചെയ്താൽ എനിക്കു സമാധാനമുണ്ടാകുമോ? എന്തെങ്കിലും നിങ്ങൾ ആഗ്രഹിക്കുന്ന നിമിഷം നിങ്ങൾ സംഘർഷത്തിലും സമരത്തിലും അകപ്പെടുന്നു. ആഗ്രഹിക്കലിന്റെ സമഗ്രപ്രക്രിയയെക്കുറിച്ചുള്ള ധാരണയാണ് ലാളിത്യത്തെ കൊണ്ടു വരുന്നത്.

*ചോദ്യകർത്താവ്:* ശരിയായ രീതിയിൽ വിദ്യാഭ്യാസം ലഭിക്കുന്നുവെങ്കിൽ നാം ഭയവിമുക്തരും, തെറ്റായ രീതിയിലാണെങ്കിൽ ഭയമുള്ളവരുമായിത്തീരുന്നു. അത് അങ്ങനെയല്ലേ?

*കൃഷ്ണമൂർത്തി:* വ്യക്തമായും അതു ശരിയാണ്, അല്ലെ? നാമെല്ലാവരും എന്തിനെപ്പറ്റിയെങ്കിലും ഭയപ്പെടുന്നില്ലേ? എല്ലാവരും എന്തിനെയെങ്കിലും—പൊതുജനാഭിപ്രായത്തെ, മരണത്തെ, രോഗത്തെ—ഭയപ്പെടുന്നു. ഇതൊരു പ്രത്യക്ഷവസ്തുതയാണ്.

*ചോദ്യകർത്താവ്:* അങ്ങു പറയുന്നതുപോലെ, എല്ലാവരും ഭയമുള്ളവരാണെങ്കിൽ ആരും ഒരു ഋഷിയോ വീരപുരുഷനോ അല്ല. അപ്പോൾ മഹാന്മാരായ ആളുകൾ ഈ ലോകത്തിലില്ലെ?

*കൃഷ്ണമൂർത്തി:* അതു താർക്കികമായ വെറുമൊരു ന്യായവാദം മാത്രമാണ്, അല്ലെ? മഹാന്മാരെയും ഋഷിമാരെയും വീരപുരുഷന്മാരെയും കുറിച്ചു നാമെന്തിനു വിഷമിക്കണം? നിങ്ങൾ എന്താണോ അതാണ് കാര്യമായത്. ഭയമുള്ളവനാണെങ്കിൽ നിങ്ങൾ ഒരു വികൃതലോകത്തെ സൃഷ്ടിക്കാൻ പോകയാണ്. അതാണ് പ്രശ്നം, മഹാന്മാരുണ്ടോ എന്നതല്ല.

*ചോദ്യകർത്താവ്:* വിശദീകരണം ചീത്തയാണെന്ന് അങ്ങു പറഞ്ഞു. വിശദീകരണത്തിനാണ് ഞങ്ങൾ ഇവിടെ വന്നിരിക്കുന്നത്. അതു ചീത്തയാണോ?

*കൃഷ്ണമൂർത്തി:* വിശദീകരണം

# വിദ്യാർത്ഥികളുടെ ചോദ്യങ്ങൾ

ചീത്തയാണെന്നു ഞാൻ പറഞ്ഞില്ല. വിശദീകരണങ്ങളെക്കൊണ്ട് തൃപ്തരാകരുതെന്നേ ഞാൻ പറഞ്ഞുള്ളു.

*ചോദ്യകർത്താവ്:* ഇന്ത്യയുടെ ഭാവിയെപ്പറ്റി അങ്ങയുടെ സങ്കല്പമെന്താണ്?

*കൃഷ്ണമൂർത്തി:* എനിക്കു സങ്കല്പമില്ല. ഒരു തരത്തിലുമില്ല. ഇന്ത്യയെന്ന നിലയിൽ, ഇന്ത്യ വളരെ പ്രാധാന്യം അർഹിക്കുന്നുവെന്നു ഞാൻ കരുതുന്നില്ല. സാരവത്തായിട്ടുള്ളത് ലോകമാണ്. ചൈനയിലോ ജപ്പാനിലോ ഇംഗ്ലണ്ടിലോ ഇന്ത്യയിലോ അമേരിക്കയിലോ ജീവിക്കുന്നവരായാലും നാം പറയുന്നു, "എന്റെ രാജ്യം അത്യധികം പ്രധാനമാണ്" ആരും ലോകത്തെ ഒന്നായി കാണുന്നില്ല. ചരിത്രഗ്രന്ഥങ്ങൾ യുദ്ധങ്ങളുടെ നിരന്തരമായ ആവർത്തനംകൊണ്ട് നിറഞ്ഞിരിക്കുന്നു. മനുഷ്യജീവികളെന്ന നിലയിൽ നമ്മെത്തന്നെ മനസ്സിലാക്കാൻ തുടങ്ങുകയാണെങ്കിൽ. അപ്പോൾ ഒരുപക്ഷേ, നാം പരസ്പരം കൊല്ലുന്നതു നിർത്തുകയും യുദ്ധങ്ങൾക്ക് അറുതി വരുത്തുകയും ചെയ്യും. എന്നാൽ നാം സ്വദേശാഭിമാനികളാകയും സ്വന്തം രാജ്യത്തെപ്പറ്റി മാത്രം ചിന്തിക്കയും ചെയ്യുന്നേടത്തോളം നാമൊരു ഭീകരലോകം സൃഷ്ടിച്ചുകൊണ്ടേയിരിക്കും. സുഖത്തോടും സമാധാനത്തോടുംകൂടി നമുക്കെല്ലാവർക്കും ജീവിക്കാൻ കഴിയുന്ന നമ്മുടെ ഭൂമിയാണിതെന്ന് ഒരിക്കൽ ബോധ്യമായാൽ പിന്നെ നാമൊന്നിച്ച് ഒരു പുതിയ ലോകം നിർമ്മിക്കും. എന്നാൽ നാം ഇന്ത്യാക്കാരെന്നും ജർമ്മൻകാരെന്നും റഷ്യക്കാരെന്നും വിചാരിച്ചുകൊണ്ടിരിക്കയും മറ്റുള്ളവരെല്ലാം വിദേശിയരാണെന്നു കരുതുകയും ചെയ്യുകയാണെങ്കിൽ, പിന്നെ സമാധാനവും നവലോകവും സൃഷ്ടിക്കപ്പെടുകയില്ല.

*ചോദ്യകർത്താവ്:* ഈ ലോകത്തിൽ വളരെ കുറച്ചുപേരേ മഹാന്മാരായിട്ടുള്ളു എന്ന് അങ്ങു പറയുന്നു; പിന്നെ അങ്ങ് എന്താണ്?

*കൃഷ്ണമൂർത്തി:* ഞാനെന്താണെന്ന കാര്യം അത്ര പ്രധാനമല്ല. പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ സത്യവും അസത്യവും കണ്ടെത്തുകയാണു പ്രധാനം. ഇന്നാരു പറയുന്നതുകൊണ്ട് ഇന്ന കാര്യം പ്രധാനമാണെന്നു നിങ്ങൾ കരുതുകയാണെങ്കിൽ, അപ്പോൾ നിങ്ങൾ യഥാർത്ഥമായി ശ്രദ്ധിക്കുകയോ സത്യവും അസത്യവും കണ്ടെത്താൻ ശ്രമിക്കുകയോ ചെയ്യുന്നില്ല.

എന്നാൽ സത്യവും അസത്യവും സ്വയം കണ്ടെത്താൻ നമ്മിലധികം പേരും ഭയപ്പെടുന്നു. മറ്റൊരാൾ പറയുന്നതു നാം സ്വീകരിക്കുന്നത് അതുകൊണ്ടാണ്. ചോദ്യം ചെയ്യുന്നതും നിരീക്ഷിക്കുന്നതും സ്വീകരിക്കാതിരിക്കുന്നതുമാണ് പ്രധാനം. നിർഭാഗ്യവശാൽ നമ്മിൽ ഭൂരിപക്ഷവും നാം മഹാന്മാരെന്നു കരുതുന്നവരെയോ, വ്യവസ്ഥാപിതമായ അധികാരകേന്ദ്രത്തെയോ, ഉപനിഷത്തുക്കളെയോ ഗീതയേയോ മറ്റെന്തിനെയോ മാത്രം ശ്രദ്ധിക്കുന്നു. പക്ഷികളെയും സമുദ്രഗർജ്ജനത്തെയും യാചകനെയും നാം ശ്രദ്ധിക്കുന്നില്ല. യാചകൻ പറയുന്നതെന്താണെന്നു നാം അറിയാതെ പോകുന്നു. അയാൾ പറയുന്നതിൽ സത്യമുണ്ടാകാം; ധനവാനോ അധികാരസ്ഥാനത്തിരിക്കുന്നവനോ പറയുന്നതിൽ തികച്ചും സത്യമില്ലെന്നു വരാം.

*ചോദ്യകർത്താവ്:* ജിജ്ഞാസമൂലം ഞങ്ങൾ പുസ്തകങ്ങൾ വായിക്കുന്നു, അങ്ങു ചെറുപ്പമായിരുന്നപ്പോൾ ജിജ്ഞാസുവായിരുന്നില്ലേ?

*കൃഷ്ണമൂർത്തി:* പുസ്തകം വായിക്കുന്നതുകൊണ്ടു മാത്രം സത്യമെന്തെന്നു സ്വയം കണ്ടെത്താൻ കഴിയുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? മറ്റുള്ളവർ പറഞ്ഞിട്ടുള്ളത് ആവർത്തിച്ചാണോ നിങ്ങൾ എന്തെങ്കിലും കണ്ടുപിടിക്കുന്നത്? അഥവാ, അന്വേഷിക്കയും സംശയിക്കയും സ്വീകരിക്കാതിരിക്കയും ചെയ്യുന്നതുകൊണ്ടു മാത്രമല്ലേ നിങ്ങൾക്ക് എന്തെങ്കിലും കണ്ടെത്താൻ കഴിയുക? നമ്മിൽ അധികം പേരും തത്ത്വശാസ്ത്ര സംബന്ധമായ ധാരാളം പുസ്തകങ്ങൾ വായിക്കുന്നു. ഈ വായന നമ്മുടെ മനസ്സുകളെ രൂപപ്പെടുത്തുന്നതിനാൽ തെറ്റും ശരിയും സ്വയം കണ്ടെത്തുക വിഷമകരമായിത്തീരുന്നു. മനസ്സ് അച്ചിലിടപ്പെട്ടാൽ, രൂപപ്പെടുത്തപ്പെട്ടാൽ, ഏറ്റവുമധികം പ്രയാസത്തോടെ മാത്രമേ അതിനു സത്യം കണ്ടെത്താൻ സാധിക്കുകയുള്ളു.

*"മുമ്പിലുള്ള ജീവിതം" എന്ന പുസ്തകത്തിൽ നിന്ന്*

## എറണാകുളത്തിൽ പരിപാടി

കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ, എറണാകുളത്തിൽ ഡിസംബർ 21, 22 തീയതികളിൽ ഒരു പരിപാടി സംഘടിപ്പിക്കുന്നു. ഇതിൽ കൃഷ്ണമൂർത്തിയുടെ വീഡിയോ പ്രദർശനങ്ങൾ, അദ്ദേഹത്തിൻെറ തത്വങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വീക്ഷണത്തെക്കുറിച്ചും ഉള്ള പ്രഭാഷണങ്ങൾ, ചർച്ചായോഗങ്ങൾ, പുസ്തകപ്രകാശനം എന്നിവ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ www.kfionline.org -ൽ കാണാവുന്നാണ്.

E-mail: Nixon G.Gopal nixongee@gmail.com. Mobile: 9074207787.

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*